LIBRARY ARCHIVES Kerala Legislative Assembly

തെരുവുനായ്ക്കളുടെ വന്ധീകരണവും സംരക്ഷണവും

234(1708) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ എത്ര തെരുവു നായ്ക്കളെ വന്ധീകരിച്ചു എന്ന ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) വന്ധീകരണം നടത്തിയാലും പേവിഷ ബാധയുണ്ടാകാൻ സാധ്യതയുള്ളതിനാൽ തെരുവുനായ്ക്കളെ വന്ധീകരിച്ച് പുനരധിവസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ, വിശദമാക്കുമോ ;

(സി) തെരുവു നായ്ക്കളുടെ വന്ധീകരണത്തിന് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മൊബൈൽ ആശുപത്രികൾ നിലവിലുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ, ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഇപ്രകാരമൊരു പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(സി) ഇതിനായി മൊബൈൽ ആശുപത്രികൾ നിലവിലില്ല.

കന്നുകാലി കടത്ത്

235 (T 1709) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് കന്നുകാലികളെ കടത്തുന്നതിനെ സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ തടഞ്ഞ പ്രശ്നത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇതര സംസ്ഥാനത്തിൽ നിന്നും മാട്ടിറച്ചിക്കുവേണ്ടി കന്നുകാലികളെ കൊണ്ടുവരുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.